(ബി) ഇതിനായി സാധ്യതാപഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) പത്തു ജീവനക്കാരിൽ കുറവുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലും സാമുദായിക സംവരണം ഏർപ്പെടുത്തുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്യുവാൻ ശിപാർശ ചെയ്യുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ പരീക്ഷാ ബോർഡ് മുഖേനയുള്ള എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളിൽ നടത്തുന്ന നിയമനങ്ങളിൽ നിയമാനുസൃതം പട്ടികജാതി/പട്ടികവർഗ്ഗ സംവരണം പാലിക്കുന്നുണ്ട്. എന്നാൽ ഭൂരിപക്ഷം പ്രാഥമിക സഹകരണ സംഘങ്ങളിലും 10 ജീവനക്കാരിൽ കുറവായതിനാൽ മറ്റ് സാമുദായിക സംവരണം പാലിക്കുന്നതിന് നിലവിൽ നിയമവ്യവസ്ഥ ഇല്ലാത്തതാണ്.

(ബി&സി) പത്ത് ജീവനക്കാരിൽ കുറവുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ നിയമനങ്ങളിൽ മറ്റ് സാമുദായിക സംവരണം ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല.

സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം

152 (519) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും നിക്ഷേപത്തിന്റെ എത്ര ശതമാനം എസ്.എൽ.ആർ. ആയി നിക്ഷേപിക്കണമെന്നാണ് റിസർവ് ബാങ്ക് നിഷ്കർഷിച്ചിരിക്കുന്നത് ;

(ബി) 2015 മാർച്ച് മാസത്തിൽ ഓരോ ജില്ലാ ബാങ്കും സംസ്ഥാന സഹകരണ ബാങ്കും എസ്.എൽ.ആർ. ആയി നിക്ഷേപിക്കേണ്ടിയിരുന്ന തുക എത്രയായിരുന്നു ; നിക്ഷേപിച്ചത് എത്ര ;

(സി) 2017 മാർച്ചിൽ എത്ര ശതമാനം നിക്ഷേപിക്കേണ്ടതായി വരും ;

(ഡി) ആർ.ബി.ഐ.-യുടെ ഈ വ്യവസ്ഥ സഹകരണ സ്ഥാപനങ്ങളെ എങ്ങനെ ബാധിക്കുന്നു ; വിശദമാക്കുമോ ; ഈ പ്രശ്നങ്ങൾക്ക് അനുകൂലമായ തീരുമാനം ആർ.ബി.ഐ എടുത്തിട്ടുണ്ടോ ; ഇതിനായി സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും ബാങ്കുകളുടെ ഡിമാന്റ് ആന്റ് ടൈം ലയബിലിറ്റിയുടെ 21.5 ശതമാനമാണ് എസ്.എൽ.ആർ. ആയി നിക്ഷേപിക്കേണ്ടതെന്ന് റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും 2015 മാർച്ചിൽ നിക്ഷേപിക്കേണ്ട തുകയും നിക്ഷേപിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2017 മാർച്ചിൽ 21.5 ശതമാനം നിക്ഷേപിക്കേണ്ടതായി വരും.

(ഡി) 2017 മാർച്ച് അവസാനത്തോടെ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം മുഴുവനായി ഗവൺമെന്റ് സെക്യൂരിറ്റികളിലായിരിക്കണമെന്ന് റിസവ് ബാങ്ക് നിബന്ധന ഉള്ളതിനാൽ സംസ്ഥാന സഹകരണ ബാങ്കിൽ ജില്ലാ സഹകരണ ബാങ്കുകൾ നിക്ഷേപിച്ച എസ്.എൽ.ആർ. നിക്ഷേപങ്ങൾ പിൻവലിച്ച് ഗവൺമെന്റ് സെക്യൂരിറ്റികളിലേക്ക് മാറ്റേണ്ടി വരുന്നതാണ്. ഗവൺമെന്റ് സെക്യൂരിറ്റിയിൽനിന്നും ലഭിക്കുന്ന പലിശ, കേരള സംസ്ഥാന സഹകരണ ബാങ്കിലുള്ള സ്ഥിരം നിക്ഷേപത്തിന്റെ പലിശയെക്കാൾ കുറവായതിനാൽ ജില്ലാ ബാങ്കുകൾക്ക് Interest Income കുറയുവാൻ കാരണമാവുകയും ഇത് സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപത്തെ കാര്യമായി ബാധിക്കുകയും ചെയ്യുന്നതാണ്.

നബാർഡ് തലത്തിൽ ചേർന്ന യോഗത്തിൽ ഇക്കാര്യം സർക്കാർ പ്രതിനിധികൾ ഉന്നയിക്കുകയും ആയതിന്റെയും സംസ്ഥാന സഹകരണ ബാങ്കിന്റെ ഭാഗത്ത് നിന്നുമുള്ള നിവേദനങ്ങളെയും തുടർന്ന് മാർച്ച് 2015, 2016, 2017 വർഷങ്ങളിൽ യഥാക്രമം 5%, 10%, ബാക്കി 6.5%-ഉം ആയി 3 ഘട്ടങ്ങളായി നിക്ഷേപിക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

സഹകരണ ബാങ്കുകളിലെ നിയമനം

153 (520) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിയമനത്തിനായി സഹകരണ പരീക്ഷാ ബോർഡിന്റെ പരീക്ഷ എഴുതിയ എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.